മംഗളം

01 October 2019




● സ്രാവിന്റെ സംരക്ഷണം, വ്യാപാരം എന്നിവയുമായി ബന്ധപ്പെട്ട് സി.എം.എഫ്.ആർ.ഐ. നടത്തിയ ബോധവൽക്കരണ ശിൽപശാലയിൽ ഡോ. പി. യു. സക്കറിയ സംസാരിക്കുന്നു.

# സ്രാവ് സമ്പത്ത് കുറയുന്നു; കരുതൽ വേണമെന്ന് സി.എം.എഫ്.ആർ.ഐ.

**കൊച്ചി:** മുൻ വർഷങ്ങളെ അപേക്ഷിച്ച് സ്രാവ്-തിരണ്ടി വർഗങ്ങളിൽ വലിയ കുറവാണുണ്ടാകുന്നതെന്നും അതിനാൽ മത്സ്യബന്ധനത്തിൽ കരുതൽ വേണമെന്നും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.).

കഴിഞ്ഞ 20 വർഷത്തെ കണക്കെടുക്കുമ്പോൾ സ്രാവിന്റെ ഉൽപാദനം താഴോട്ടാണ്. അനിയന്ത്രിതമായി പിടിച്ചാൽ പല സ്രാവിനങ്ങളും വംശനാശത്തിന് ഇരയാകും. അതിനാൽ സ്രാവിന്റെ സംരക്ഷണത്തിന് കൂടുതൽ ശ്രദ്ധകൊടുക്കണമെന്ന് സി.എം.എഫ്.ആർ.ഐ.യിലെ ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടു.

മത്സ്യത്തൊഴിലാളികൾ, സ്രാവ്-തിരണ്ടി വർഗങ്ങളുടെ വ്യാപാരവുമായി ബന്ധപ്പെട്ടവർ എന്നിവർക്കായി നടത്തിയ ബോധവൽക്കരണ ശിൽപശാലയിലാണ് സി.എം.എഫ്.ആർ.ഐ. ശാസ്ത്രജ്ഞരുടെ ഈ നിർദേശം.

സ്രാവിന്റെ ചിറുകൾക്ക് വേണ്ടി മാത്രമായി ഇന്ത്യയിൽ മത്സ്യബന്ധനം നടത്തുന്നില്ല. മറ്റ് ചില രാജ്യങ്ങളെ അപേക്ഷിച്ച് ഇക്കാര്യത്തിൽ ഇന്ത്യ മാതൃകയാണ്. സ്രാവിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് ദേശീയ കർമരേഖ (നാഷണൽ പ്ലാൻ ഓഫ് ആക്ഷൻ ഓൺ ഷാർക്) സിഎംഎഫ്ആർഐ കേന്ദ്ര സർക്കാരിന് സമർപ്പിട്ടുണ്ടെന്നും സിഎംഎഫ്ആർഐയിലെ അടിത്തട്ട് മത്സ്യഗവേഷണ വിഭാഗം മേധാവി ഡോ. പി.യു. സക്കറിയ പറഞ്ഞു.

ഐക്യരാഷ്ടസഭയുടെ കീഴിലുള്ള എഫ്.എ.ഒ.യും സി.എം.എഫ്.ആർ.ഐയും സംയുക്തമായി നടത്തുന്ന ഗവേഷണ പദ്ധതിയുടെ ഭാഗമായായിരുന്നു ശിൽപശാല. ഈയിടെ സിഎംഎഫ്ആർഐയിൽ നടന്ന എഫ്.എ.ഒ. രാജ്യാന്തര ശിൽപശാലയിലെടുത്ത നിർദേശങ്ങൾ മത്സ്യത്തൊഴിലാളി-സ്രാവ് വ്യാപാരി സമൂഹത്തെ ധരിപ്പിക്കുന്നതിനായിരുന്നു ശിൽപശാല. ഡോ പി യു സക്കറിയ, ഡോ ടി എം നജ്മുദ്ധീൻ, ബി ഹംസ, എം മജീദ്, ഡോ രേഖ ജെ നായർ എന്നിവർ സംസാരിച്ചു.